15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 536 — 09-08-2023 - ൽ മറുപടിയ്ക്ക്

## ഡിവിസിബിൾ പൂളിൽ നിന്നുള്ള നികുതി വിഹിതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കേണ്ട ഡിവിസിബിൾ പൂളിൽ നിന്നുള്ള നികുതി വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കേണ്ട ഡിവിസിബിൾ പൂളിൽ നിന്നുള്ള നികുതി വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരുന്നുണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനം വിഹിതമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും സംഭവിക്കുന്നത്. |
| (ബി) | ആസൂത്രണ കമ്മീഷൻ നീതി ആയോഗ് സംവിധാനത്തിലേക്ക് മാറിയപ്പോൾ ഏതൊക്കെ ധനസഹായ പദ്ധതികളാണ് സംസ്ഥാനത്തിന് നഷ്ടപ്പെട്ടത്; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്തുവാനോ |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. കോർ എന്ന ഗണത്തിൽ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം കേന്ദ്രത്തോട് അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്രത്തിൽ നിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസനക്ഷേമ പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും. ആസൂത്രണ കമ്മീഷൻ നീതി ആയോഗ് സംവിധാനത്തിലേയ്ക്ക് മാറിയപ്പോൾ സംസ്ഥാനങ്ങൾക്ക് വാർഷിക പദ്ധതിയിൽ നൽകുന്ന ഉപാധിരഹിത സഹായമുൾപ്പെടെ സാധാരണ കേന്ദ്ര സഹായം (എൻ .സി.എ), ചില പ്രത്യേക പദ്ധതികൾക്കായി അധിക കേന്ദ്ര സഹായവും ധനകൈമാറ്റവും (ഒറ്റത്തവണ അധിക കേന്ദ്ര സഹായം), വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്കും ചില മലയോര സംസ്ഥാനങ്ങൾക്കും നൽകുന്ന ഉപാധിരഹിത സഹായം ഉൾപ്പെടെ പ്രത്യേക കേന്ദ്ര സഹായം, പ്രത്യേക പദ്ധതി സഹായം എന്നിവയെല്ലാം നിർത്തലാക്കുകയുണ്ടായി. ഇതിനു പുറമേ 2017 ജൂലൈ മാസം മുതൽ സംസ്ഥാനത്തിന് ലഭ്യമായി കൊണ്ടിരുന്ന ഒറ്റത്തവണ ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുമുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021 -26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റിനത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചിരുന്നില്ല. |
| (സി) | കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്ന ഏതൊക്കെ വരുമാന മാർഗ്ഗങ്ങളാണ് കേന്ദ്ര സർക്കാർ നിർത്തലാക്കിയത്; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും |

| | | | |
|---|---|---|---|
| | | | കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്തുവാനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. കോർ എന്ന ഗണത്തിൽ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:25 ആക്കണമെന്ന് സംസ്ഥാനം നിരന്തരം കേന്ദ്രത്തോട് അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്രത്തിൽ നിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാകേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസനക്ഷേമ പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും. ആസൂത്രണ കമ്മീഷൻ നീതി ആയോഗ് സംവിധാനത്തിലേയ്ക്ക് മാറിയപ്പോൾ സംസ്ഥാനങ്ങൾക്ക് വാർഷിക പദ്ധതിയിൽ നൽകുന്ന ഉപാധിരഹിത സഹായമുൾപ്പെടെ സാധാരണ കേന്ദ്ര സഹായം (എൻ .സി.എ), ചില പ്രത്യേക പദ്ധതികൾക്കായി അധിക കേന്ദ്ര സഹായവും ധനകൈമാറ്റവും (ഒറ്റത്തവണ അധിക കേന്ദ്ര സഹായം), വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്കും ചില മലയോര സംസ്ഥാനങ്ങൾക്കും നൽകുന്ന ഉപാധിരഹിത സഹായം ഉൾപ്പെടെ പ്രത്യേക കേന്ദ്ര സഹായം, പ്രത്യേക പദ്ധതി സഹായം എന്നിവയെല്ലാം നിർത്തലാക്കുകയുണ്ടായി. ഇതിനു പുറമേ 2017 ജൂലൈ മാസം മുതൽ സംസ്ഥാനത്തിന് ലഭ്യമായി കൊണ്ടിരുന്ന ഒറ്റത്തവണ ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുമുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021 -26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റിനത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ